Minister for Transport and Labour (**Shri T. V. Thomas**) :

(a) 16,11,000 rupees.

(b) The work has been held up due to non-settlement of extra claims put forth by the contractor. The work will be resumed after settling the same.

ശ്രീ. എം. സി. ഏബ്രഹാം : ഈ പാലത്തിന്റെ പണി 1955-ൽ ടെൻഡർ വിളിച്ചിട്ടുള്ളതല്ലേ ?

ശ്രീ. ടി. വി. തോമസ് : 1955-ലാണ് ടെൻഡർ വിളിച്ചത്.

ശ്രീ. എം. സി. ഏബ്രഹാം : അതു സംബന്ധിച്ചുള്ള എക്സ്ട്രാ ക്ലെയിംസ് കമ്മറിൽ മെൻഷനായിട്ടില്ലേ ?

ശ്രീ. ടി. വി. തോമസ് : കൺട്രാക്ടറും, എൻജിനീയറും തമ്മിൽ എക്സ്ട്രാ ക്ലെയിംസിനെപ്പറ്റി ഒരു തീരുമാനത്തിലെത്തിയിട്ടുണ്ട്, അതു കഴിഞ്ഞാൽ പണി ഉടനെ നടത്തും.

Certificate for leave on Medical grounds.

* 1801. [13] **Shri K. Hassan Gani** : Will the Minister for Health be pleased to state:

(a) whether at present leave on medical grounds to Government employees can be granted on certificates issued by Ayurvedic, Unani and Homeopathic medical practitioners, and

(b) if not, whether Government will issue orders to this effect ?

Minister for Health (**Dr. A. R. Menon**) :

(a)&(b) Leave on medical grounds to Government employees can be granted on certificates issued by Ayurvedic, Unani and Homoeopathic medical parctitioners who are receiving grant-in-aid or who are in service, provided the certificates are countersigned by the Director of Indigenous Medicine or the District Officers, as per Art. 359, T. S. R.

ശുദ്ധജല വിതരണം.

* 1802. [14] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ താലൂക്ക് ഹെഡ്കോർട്ടേഴ്സിൽ ശുദ്ധജലവിതരണത്തിനുള്ള എസ്റ്റിമേറ്റ് തയാറായിക്കഴിഞ്ഞുവോ ;

(ബി) ഉവ്വെങ്കിൽ എസ്റ്റിമേറ്റ് എത്രയാണ് ; എപ്പോൾ പ്രവൃത്തി യാരംഭിക്കും ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ. എ. ആർ. മേനോൻ):

(എ) ഇല്ല. ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞു,

(ബി) എസ്റ്റിമേറു തയാറാക്കിക്കൊണ്ടിരിക്കുകയാണു്, ഇയ സാമ്പത്തികവർഷത്തിൽത്തന്നെ പണിതുടങ്ങാൻ ഉദ്ദേശിക്കുന്നു.

യൂണിവേഴ്സിറ്റിപരീക്ഷ പാസ്സായ ഹരിജനങ്ങൾ.

* 1803. [15] ശ്രീ. കെ. ഈച്ചരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളസ്റ്റേറ്റിൽ ഗ്രാഡുവേറ്റു് ചെയ്ത എത്ര ഹരിജനങ്ങൾ ഉണ്ടു്;

(ബി) മലബാർ പ്രദേശത്തെ എണ്ണം എത്ര;

(സി) അതുകൂടാതെയുള്ള ഹരിജനഗ്രാഡുവേറ്റുകളിൽ എത്രപേർക്കു് ഇന്നും ഉദ്യോഗമുണ്ടു്?

തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. പാത്തൻ):

(എ, ബി, സി) ശരിയായ വിവരങ്ങൾ അറിയാൻ കഴിഞ്ഞിട്ടില്ല.

മുസ്ലീം ബാലികമാർക്കു് സ്കോളർഷിപ്പു്.

* 1804. [16] ശ്രീ. കെ എം. ജാഫറു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് അപ്പർ പ്രൈമറി സ്കൂളുകളിലും, ഹൈസ്കൂളുകളിലും പഠിക്കുന്ന മുസ്ലീം ബാലികമാർക്കു് സ്കോളർഷിപ്പു് നൽകിവരുന്നുണ്ടോ;

(ബി) എത്ര രൂപവീതമാണു് ഇപ്രകാരം നൽകിവരുന്നതു്;

(സി) ഇക്കഴിഞ്ഞ രണ്ടു വർഷമായി ഇപ്രകാരമുള്ള സ്കോളർഷിപ്പു് ഈ കുട്ടികൾക്കു് ശരിയായി ലഭിക്കുന്നില്ല എന്നു പരാതി കിട്ടിയിട്ടുണ്ടോ;

(ഡി) മൂവാറ്റുപുഴ താലൂക്കു് പായിപ്ര യു. പി. എസ്സു്.-ൽ 7-ാം സ്റ്റാൻഡാർഡിൽ പഠിക്കുന്ന ടി. കെ. ഖദീജ എന്ന വിദ്യാർത്ഥിനിക്കു് ഈ സ്കോളർഷിപ്പു് ലഭിക്കുന്നില്ല എന്നു പരാതി കിട്ടിയോ; അതിന്മേൽ എന്തു നടപടി നടത്തി?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫു് മുണ്ടശ്ശേരി):

(എ) തിരുവനന്തപുരം പ്രദേശത്തുള്ള അപ്പർ പ്രൈമറി സ്കൂളുകളിലും ഹൈസ്കൂളുകളിലും പഠിക്കുന്ന മുസ്ലീം ബാലികമാർക്കു് സ്കോളർഷിപ്പു് നൽകിവരുന്നുണ്ടു്.

(ബി) അപ്പർ പ്രൈമറിസ്കൂളിൽ പഠിക്കുന്ന മുസ്ലീം ബാലികമാർക്കു് 3 രൂപ വീതവും, ഹൈസ്കൂളിൽ പഠിക്കുന്നവർക്കു് 5 രൂപ വീതവുമാണു് നൽകിവരുന്നതു്.

(സി) "കിട്ടിയിട്ടുണ്ടു്.

(ഡി) ഇതിന്റെ വിവരം ഡിസ്ട്രിക്ടിന്റെ എഡ്യൂക്കേഷണൽ ആഫീസർ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly